**India Foundation for the Arts (IFA)** invites applications for

***Explorations***

Under its **Arts Practice** programme

**Deadline: April 19, 2024**

കലാകൃത്തുക്കൾക്ക് അവരുടെ നിലവിലുള്ള പ്രയോഗ രീതികൾ പുതിയ ദിശകളിലേക്ക് വികസിപ്പിക്കുവാൻ സഹായിക്കുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള ആട്സ് പ്രാക്ടീസ് പ്രോഗ്രാം പുതിയ പ്രൊപോസലുകൾ ക്ഷണിക്കുന്നു. സ്വീകാര്യമായ നടപ്പുരീതികളെ ചോദ്യം ചെയ്യുന്നതും; ഉള്ളടക്കം, ഘടന, മാധ്യമം എന്നിവയിൽ പുതിയ പരീക്ഷണങ്ങൾ സാധ്യമാക്കുന്നതും; ഇടം, പ്രേക്ഷകർ, സമൂഹങ്ങൾ എന്നിവയുമായി ഇടപഴകുന്നതും; പുതിയ മാതൃകകൾ പര്യവേഷണം ചെയ്യുന്നതും; പരീക്ഷണാത്മകതയെ മുൻകൂട്ടി കാണുന്നതുമായ പദ്ധതികളെയാണ് പ്രധാനമായും പ്രോത്സാഹിപ്പിക്കുന്നത്.

ഒരു പഴയ പട്ടണത്തിന്റെ ഓർമ്മകളെ ആധാരമാക്കി ഒരു ചലച്ചിത്ര നിർമ്മാതാവ് അനുമാന സ്വഭാവമുള്ള ആഖ്യായികയുടെ (speculative fiction) മാതൃകയിലുള്ള ഗ്രാഫിക് ആഖ്യാനം സൃഷ്ടിക്കുന്നു

നാടോടിക്കഥകൾ വീണ്ടെടുക്കുന്നതിനായി ഒരു നൃത്തസംവിധായക തന്റെ സമൂഹവുമായി സഹകരിച്ച് ഒരു 'നാടോടി നൃത്ത'ത്തിന് രംഗവേദിയൊരുക്കുന്നു.

ഒരു കുടുംബാംഗം ശേഖരിക്കുന്ന ദൈനംദിന വസ്തുക്കൾ സൂക്ഷിക്കാൻ ഒരു സമകാലിക കലാകാരി വെർച്വൽ മ്യൂസിയം സൃഷ്ടിക്കുന്നു.

ഒരു കൂട്ടം ഗ്രാമീണ സ്ത്രീകളെ അവരുടെ വീടിനു പുറത്തുള്ള അനുഭവങ്ങൾ പങ്കിടാനും അതിലൂടെ പുതിയൊരു കലാസൃഷ്ടി മെനയാനും ഒരു സോഷ്യൽ ഡിസൈൻ പ്രാക്ടീഷണർ പ്രവർത്തിക്കുന്നു.

കല അഭ്യസിക്കുമ്പോൾ നാം ചിലപ്പോൾ ഒരു ആശയത്തിൽ ഇടറിനിൽക്കുകയും പുതിയതും ആവേശകരവുമായ ഒരു ദിശയിലേക്ക് കടക്കാനുമുള്ള പ്രേരണ അനുഭവപ്പെടാനിടയുണ്ട്. പദ്ധതിയുടെ സന്ദർഭവും സ്ഥലവും കണക്കിലെടുക്കുമ്പോൾ, ഈ ആശയങ്ങൾ അപരിചിതമായിരിക്കാമെങ്കിലും, ആശയങ്ങളിൽ ഉൾചേർന്നിരിക്കുന്ന താൽക്കാലികതയും അനിശ്ചിതത്വവും പുതിയ തുറവികളിലേക്ക് വളർത്തിയെടുക്കുവാൻ ഈ പദ്ധതി സഹായകരമാകും. സമർപ്പിക്കപ്പെടുന്ന ആശയത്തിന്റെ പ്രാഥമിക രൂപം നമ്മെ എവിടേക്കാണ് നയിക്കുന്നത് എന്നതിനെക്കുറിച്ചോ അല്ലെങ്കിൽ നമ്മുടെ വർത്തമാനകാല കലാപരിശീലനത്തിന് ഏതു തരത്തിലുള്ള അർത്ഥങ്ങളാണ് അത് പ്രദാനം ചെയ്യുക എന്നതിനെക്കുറിച്ചോ വ്യക്തമായ ധാരണകൾ ഇല്ലെന്നു വന്നേക്കാം. എങ്കിലും അത്തരം ആശയങ്ങളുടെ സാക്ഷാത്കാരം സാധ്യമാക്കുന്നതിന്റെയും പുതിയ അനുഭവലോകങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ആവശ്യകത ഞങ്ങൾ മനസ്സിലാക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഞങ്ങൾ തരുന്ന ഒരു ചെറിയ പിന്തുണ നിങ്ങൾക്ക് സഹായകരമാവുമെന്ന് വിശ്വസിക്കുന്നു.

ആട്സ് പ്രാക്ടീസ് പ്രോഗ്രാമിന് കീഴിൽ, അഭൂതപൂർവമായതും നിർവഹിക്കാൻ വെല്ലുവിളി നിറഞ്ഞതും കലാരൂപമായി സാക്ഷാത്ക്കരിക്കാൻ സാധ്യമായതും അല്ലാത്തതുമായ പദ്ധതികൾ പരിശോധിക്കാനും പരീക്ഷിക്കാനും പ്രയോഗിക്കാനുമാണ് ഐ എഫ് എ പ്രൊപോസലുകൾ ക്ഷണിക്കുന്നത്. **ചെയ്യാനുദ്ദേശിക്കുന്ന ആശയം പരിപൂർണമായും ഫലപ്രാപ്തിയിലെത്തണമെന്ന് നിർബന്ധമില്ല.** ഗവേഷണം, തിരക്കഥ രചന, ലൊക്കേഷൻ തിരയൽ, ജാമിംഗ്, സ്റ്റോറി ബോർഡ് നിർമ്മാണം, റിഹേഴ്സൽ, ഗവേഷണവുമായി ബന്ധപ്പെട്ട മാതൃകാ ശേഖരണവും പരിശോധനയും (Sampling), റോബോട്ടിക്സ്, പരീക്ഷണശാല കേന്ദ്രീകരിച്ചുള്ള പര്യവേഷണങ്ങൾ തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. കൂടാതെ സൂക്ഷ്മാശയങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിടുന്ന ഏതൊരു പദ്ധതിയും ഇതിന് കീഴിൽ വരുന്നു.

| | |
|---|---|
| പദ്ധതിയുടെ കാലയളവ് | : 6 മാസം വരെ |
| ബഡ്ജറ്റ് | : പരമാവധി 1,00,000/- രൂപ വരെ |
| പ്രൊപോസൽ സമർപ്പിക്കേണ്ട അവസാന തീയതി | : April 19, 2024 |

**ആർക്കൊക്കെയാണ്  പ്രൊപോസലുകൾ അയക്കാൻ കഴിയുന്നത്?**

കലയുമായി നേരിട്ടു ബന്ധമുള്ള വിഷയങ്ങൾ കേന്ദ്രീകരിച്ചും വിഷയാന്തർ സ്വഭാവമുള്ളതുമായ പദ്ധതികൾക്കാണ്  കലാപ്രയോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നത്.

- സംഗീതം, ശബ്ദകല, അക്ഷര-വാക്യകല (ടെക്സ്റ്റ്), നൃത്തം, ചലനകല, നാടകം, പാവകളി, കഥ പറച്ചിൽ, മാജിക്, സർക്കസ് തുടങ്ങി അവതരണ സ്വഭാവമുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കലാപ്രയോക്താക്കൾ
- സിനിമ  (ഡോക്യുമെന്ററിയും ഫിക്ഷനും),  അനിമേഷൻ, ഫോട്ടോഗ്രഫി, ഇൻസ്റ്റലേഷൻ, ന്യൂമീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സമ്പർക്കസ്വഭാവമുള്ള കല, ഗെയിമിംഗ്,  ചിത്രകല,  ശിൽപകല,  പ്രിന്റ് മേക്കിംഗ്, കോമിക് പുസ്തകങ്ങൾ, ഗ്രാഫിക് ആഖ്യാനങ്ങൾ, ആർടിസ്റ്റ് ബുക്ക്  തുടങ്ങിയ മാധ്യമങ്ങളിലും, പലതരം മാധ്യമങ്ങൾ സംയോജിപ്പിച്ചു കൊണ്ടും സൃഷ്ടികൾ നടത്തുന്ന കലാപ്രയോക്താക്കൾ
- ഗാലറി സങ്കേതങ്ങൾക്ക് പുറത്ത് സംഘാടനം നിർവ്വഹിക്കുന്ന ക്യുറേറ്റർമാർ
- കവികൾ, നോവലിസ്റ്റുകൾ, നാടകകൃത്തുക്കൾ തുടങ്ങി സാഹിത്യാദി കലകളിൽ പ്രവർത്തിക്കുന്നവർ.
- വിഷയാന്തർസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ക്രിയാത്മക പ്രവർത്തകർ.

**യോഗ്യത:**

നിങ്ങൾ ഒരു ഇന്ത്യൻപൗരനാണെങ്കിൽ പ്രോജക്റ്റ് പ്രൊപോസൽ അയയ്ക്കാൻ അർഹതയുണ്ട്. നിങ്ങളുടെ സഹപ്രവർത്തകരും ഇന്ത്യൻ പൗരന്മാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഇവിടെ ക്ലിക്ക് ചെയ്യുക.

**പ്രൊപോസലുകൾ എങ്ങനെ സമർപ്പിക്കാം?**

**ഇംഗ്ലീഷ് ഉൾപ്പെടെ ഏത് ഇന്ത്യൻ ഭാഷയിലും നിങ്ങളുടെ പ്രൊപോസൽ എഴുതാവുന്നതാണ്. ഇംഗ്ലീഷിതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പദ്ധതികളെ ഐഎഫ്എ പ്രോത്സാഹിപ്പിക്കുന്നു.**

ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയാണ് പ്രൊപോസലുകൾ സമർപ്പിക്കേണ്ടത്

- ഒരു പ്രയോക്താവ് എന്ന  നിലയിൽ നിങ്ങളുടെ നിലവിലുള്ള കലാപ്രയോഗങ്ങൾ, ആശങ്കകൾ, താൽപര്യങ്ങൾ
- നിങ്ങൾ ആവിഷ്ക്കരിക്കാൻ താൽപര്യപ്പെടുന്ന കലാസൃഷ്ടിയെക്കുറിച്ചുള്ള  വിശദാംശങ്ങളും അതിനുള്ള കാരണവും
- പദ്ധതി ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദമായ സമയക്രമവും ബജറ്റും
- മുൻപ്  ചെയ്തിട്ടുള്ള സൃഷ്ടികളുടെ ഉദാഹരണങ്ങൾ
- അഡ്രസ്സ് ഫോൺ നമ്പർ, ഇമെയിൽ ഐ ഡി തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിശദമായ ബയോഡാറ്റ
- ഐഎഫ്എ സ്റ്റാഫിൽ നിന്നുള്ള പ്രതികരണത്തിനായി നിങ്ങളുടെ ചോദ്യങ്ങളും കരട് ആശയങ്ങളും, രേഖാമൂലമുള്ള, ഓഡിയോ അല്ലെങ്കിൽ വീഡിയോ ഫോർമാറ്റുകളിൽ 2024 April 12 വരെ ഞങ്ങൾക്ക് അയയ്ക്കാവുന്നതാണ്.
- ഫൈനൽ പ്രൊപോസലും അനുബന്ധ രേഖകളും 25 എം.ബിയിൽ കൂടാത്ത ഒരൊറ്റ ഇമെയിലായി Project Proposal for Explorations (Arts Practice)  എന്ന് subject line രേഖപ്പെടുത്തി,  ജോൺ സേവ്യറിന് john@indiaifa.org എന്ന ഐഡിയിലേക്ക്  April 19, 2024 - നു മുൻപ് അയക്കേണ്ടതാണ്.

നിങ്ങളുടെ പ്രൊപോസലിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കും വിശദീകരണത്തിനും ദയവായി എഴുതുക john@indiaifa.org

**തിരഞ്ഞെടുപ്പ് പ്രക്രിയ:**

തെരഞ്ഞെടുക്കുന്ന പ്രോപോസലുകൾ ഒരു ബാഹ്യപാനൽ വിലയിരുത്തുകയും അപേക്ഷകർ അവരുടെ ആശയങ്ങൾ പാനലിൽ അവതരിപ്പിക്കുകയും വേണം. പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്ത അപേക്ഷകൾ 2024 ജൂലൈയിൽ പ്രഖ്യാപിക്കും.

**തെരഞ്ഞെടുക്കുന്ന എല്ലാ പദ്ധതികളും ഐ എഫ് എ നടപ്പിൽ വരുത്തുന്നതാണ്.**

കുട്ടികൾ ഉൾപ്പെടെ എല്ലാവരെയും പിന്തുണയ്ക്കുകയും ബഹുമാനിക്കുകയും കരുതുകയും ചെയ്യുന്ന സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ IFA എപ്പോഴും പ്രതിജ്ഞാബദ്ധമായിരിക്കും. അപേക്ഷകർ ഐ എഫ് എ യുടെ ആശയങ്ങളുമായി പൊരുത്തപ്പെടുകയും എല്ലായ്പ്പോഴും അതിന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കുകയും വേണം.